ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽനോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. ഇറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി & ഡി) കേരള മാരിടൈം ബോർഡിന്റെ ആർട്ടിക്കിൾ 25 പ്രകാരം നോൺ മേജർ ഇറമുഖങ്ങളിലെ ചാനലും ബേസിനും ഉപയോഗിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ടുകളും ബോർഡിന്റെ നിയന്ത്രണത്തിൽ ആയിരിക്കും. എന്നാൽ മത്സ്യമേഖലയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ബോർഡിന്റെ പരിധിയിൽ വരുന്നില്ല.

രാമപുരം വയലപ്ര പരപ്പ് ചെമ്പല്ലിക്കുന്ന് റോഡ്

139 (140) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-XIX സ്കീമിൽ ഉൾപ്പെടുത്തി മത്സ്യബന്ധന ഇറമുഖ വകുപ്പിൽ നിന്നും 245 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ രാമപുരം-വയലപ്ര-പരപ്പ്-ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകും ; പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾപൂർത്തീകരിക്കാൻ സാധിക്കും ; വിശദാംശം നൽകുമോ ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIX സ്കീമിൽ ഉൾപ്പെടുത്തി മത്സ്യബന്ധന ഇറമുഖ വകുപ്പിൽനിന്നും 245 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ രാമപുരം - വയലപ്ര - പരപ്പ് - ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 17-10-2014-ൽ ഉടമ്പടിയിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഉടമ്പടി പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 9 മാസമാണ്. അതനുസരിച്ച് ടി പ്രവൃത്തി 7/2015-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് വീട്

140 (141) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര മൽസ്യ തൊഴിലാളികൾക്ക് വീട് വച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 2400 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് വീടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പടുത്തി ആകെ 4973 ഭവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

ഇതുകൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആകെ 1800 വീടുകൾ ജില്ലകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 3 പദ്ധതികളിലും കൂടി ആകെ 9173 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായത്തിനായി ആകെ 17095 അപേക്ഷകളും 13-ാം ധനകാര്യ കമ്മീഷൻ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 10298 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടും ആനുകൂല്യം ലഭിക്കാത്ത അർഹരായ അപേക്ഷകരിൽനിന്നുമാണ് സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

സംയോജിത മത്സ്യഗ്രാമവികസന പദ്ധതി

141 (142) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത മൽസ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എത്ര മൽസ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly